# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.01.03.2019

### തെന്മല ഇക്കോ ടൂറിസം : ബ്രോഷറുകളുടെ പ്രകാശനം ഇന്ന് (മാർച്ച് 2)

തെന്മല ഇക്കോടൂറിസത്തെക്കുറിച്ച് വിവരിക്കുന്ന ബ്രെയിൽ ലിപിയിൽ തയ്യാറാക്കിയ ബ്രോഷർ, ആംഗ്യ ഭാഷയിൽ തയ്യാറാക്കിയ വീഡിയോ ബ്രോഷർ, നവീകരിച്ച വെബ്സൈറ്റ്, ഓഡിയോ ഗൈഡിംങ് മൊബൈൽ ആപ്ലിക്കേഷൻ, ബുദ്ധമയൂരി ചിത്രശലഭ കോർണർ,അവധിക്കാല പാക്കേജ് , മാൻ പാർക്കിലെ വിവരണ ബോർഡുകൾ എന്നിവയുടെ പ്രകാശനം ടൂറിസം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിക്കും. ഇന്ന് (മാർച്ച് 2) രാവിലെ 10-ന് തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ കെ. മുരളീധരൻ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കും. മേയർ വി.കെ. പ്രശാന്ത്, ശശിതരൂർ എം.പി. എന്നിവർ വിശിഷ്ടാതിഥികളാകും. കൗൺസിലർ പാളയം രാജൻ ഇ.എം. നജീബ്, ബേബി മാത്യു സോമതീരം, എസ്. ബിജു എന്നിവർ ആശംസകൾ അർപ്പിക്കും. ഇക്കോ ടൂറിസം ഡയറക്ടർ പി.പി.പ്രമോദ് സ്വാഗതവും പ്രോജക്ട് എക്സിക്യൂട്ടീവ് ഡി. മനോജ്കുമാർ കൃതജ്ഞതയും അർപ്പിക്കും.


**ഡോ. അഞ്ചൽ കൃഷ്ണകുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ